# അദ്ധ്യായം -22

"ഇതാ , ഞാൻ പുതിയ ആകാശവും , പുതിയ ഭൂമിയും സൃഷ്ടിക്കുന്നു. മുമ്പിലത്തവ ആരും ഓർക്കുകയില്ല, ആരുടെയും മനസ്സിൽ വരികയുമില്ല." (യെശ:65:17)എന്ന് യെശയ്യാവ് പ്രവചനാത്മാവിൽ വെളിപ്പെടുത്തിയത് സംഭവിച്ചു കഴിഞ്ഞതാണ്. യോഹന്നാൻ അദ്ധ്യായം ഇരുപത്തിഒന്നിൽ വിവരിച്ചത് . നശിക്കാത്തത് (നിലനിൽക്കുന്നത്)പഴക്കവും മാറ്റവും ഉണ്ടാകാത്തതുമായ പുത്തനാം യെരുശലേമിൽ കണ്ടകാര്യങ്ങളാണ് തുടർന്ന് വെളി:(22:1-5) വരെയുള്ള വാക്യങ്ങളിൽ കാണുന്നത്.

സ്വച്ഛ സ്പടികത്തിനൊത്ത തങ്കവീഥിയിൽ യോഹന്നാനെ കാണിച്ചുകൊടുത്ത കാര്യങ്ങൾ എന്തെല്ലാം? (വെളി:22:1)

(a) വീഥിയുടെ നടുവിൽ ദൈവത്തിന്റെയും കുഞ്ഞാടിന്റേയും സിംഹാസനം (അതായത് പിതാവും , പുത്രനും ഒന്നായി എന്നു മനസ്സിലാക്കുക)

(b) സിംഹാസനത്തിൽ നിന്ന് പുറപ്പെടുന്നതായി പളുങ്കുപോലെ ശുദ്ധമായ ജീവജലനദി.

[പുത്തനാം യെരുശലേമിൽ പരിശുദ്ധാത്മാവിനെപ്പറ്റി വ്യക്തമായി പറയുന്നില്ല- കാരണം എന്ത്?

പിതാവിന്റെ ഹിതപ്രകാരം മനുഷ്യവർഗ്ഗത്തെ വീണ്ടെടുത്ത പുത്രൻ ആയിരാമാണ്ടു വാഴ്ചയ്ക്കു ശേഷം സകലതും പിതാവിനെ തിരിച്ചേൽപ്പിച്ചു.പുത്രന്റെ പ്രവർത്തി തീർന്നാലും പരിശുദ്ധാത്മാവിന്റെ പ്രവർത്തി തുടരുന്നു.

### ജീവജലനദി (The river of the water of life)

1. ആദാമ്യ ഏദനിലെ നദി - (ഉല്പ :2:10-14)

   (ഈ നദി നാല് ശാഖകളായി ഒഴുകുന്നു.ഇത് ദൈവാത്മ പകർച്ചകളെ നാലായികാണിക്കുന്നു)

2. സഹസ്രാബ്ദ ഭൂമിയിലെ നദി - യെഹ:(47:1-6)

3. എന്നാൽ പുത്തനാം യെരശലേമിലെ നദി സിംഹാസനത്തിൽ നിന്നൊഴുകുന്നു. ഇത് ജീവപ്രദായക നദി ആണ്. കൂടാതെ ഇത് പരിശുദ്ധാത്മാവിന്റെ നിഴലാണെന്ന് യേശു വ്യക്തമാക്കുന്നു.

   Read -യോഹ : (7:37-39)

### വചനത്തിലെ ജീവവൃക്ഷങ്ങൾ

1. ഏദനിൽ - ഉല്പ :(2:9,16 )

2.സഹസ്രാബ്ദഭൂമിയിൽ - യെഹ: (47:12) ഫലം തിന്മാനും, ഇല ചികിത്സയ്ക്കും ഉതകും.

3. പറുദീസയിലെ ജീവവൃക്ഷം - വെളി:(2:7) ഇത് അവകാശമാക്കേണ്ടവർ അന്ത്യശ്വാസത്തോളം ആദ്യസ്നേഹം നഷ്ടമാക്കരുത്.

4. ജീവജലനദിയുടെ ഇരുകരയിലും നില്ക്കുന്ന ജീവവൃക്ഷത്തിന്റെ പ്രത്യേകത- വെളി:(22:2)

(ഫലം എന്ന് പറയുവാൻ കാരണം കായ് മുതൽ പഴുക്കുന്നതുവരെ തിന്നാൻസാധിക്കുന്നതിനാലാണ്.)

**ജീവവൃക്ഷത്തിലധികാരം ലഭിക്കുന്നത് ആർക്കാണ്?**

(a)ഗോപുരങ്ങളിൽ കൂടി നഗരത്തിൽ കടക്കുന്നവർക്ക് മാത്രം. വെളി: (22:14)

(b) കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ അങ്കി അലക്കി വെളുപ്പിച്ചവരാകണം. വെളി:(7:14)

വെളി:(22:14)

പാപം ഇല്ലാത്ത ഭൂമിയിൽ ശാപം ഇല്ല. പഴയഭൂമിയും ആകാശവും മാറിപ്പോകുകയും ചെയ്തു. സിംഹാസനസ്ഥനെ ആരാധിക്കുന്നവരുടെ സന്തോഷത്തിന് കാരണം? വെളി:(22:3-5)

അവരുടെ നെറ്റിയിലെഴുതിയ നാമം -- **യഹോവ** (യെശ:(42:8)

വേഗത്തിൽ വരുമെന്ന് അറിയിച്ചവന്റെ പ്രത്യേകതകൾ എന്തെല്ലാം? വെളി:(22:13)

എന്തിനാണ് അവൻ വേഗം വരുന്നത്? Read വെളി22:6,12

" ഞാൻ വേഗത്തിൽ വരുന്നു" എന്ന് മൂന്ന് പ്രാവശ്യം ഈ അദ്ധ്യായത്തിൽ കാണുന്നു.

-വെളി(22:7,12,20) അതായത് ആ കാര്യം ഉറപ്പാണ് എന്ന് വ്യക്തം.

കർത്താവ് തന്റെ മടങ്ങിവരവിനെ വ്യക്തമാക്കിയശേഷം വചനം പ്രമാണിക്കുന്നവനെക്കുറിച്ചാണ് പറയുന്നത്.

വെളിപാടു പുസ്തകം വരും കാര്യങ്ങൾ അറിയുവാൻ മാത്രം വെളിപ്പെടുത്തിതന്ന കാര്യങ്ങളല്ല, പ്രമാണിക്കേണ്ടുന്ന കാര്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

യോഹന്നാന് വീണ്ടും പറ്റുന്ന തെറ്റ് ദൂതൻ തിരുത്തുന്നു- വെളി :(22:8,9)

(ആദ്യം സംഭവിച്ച തെറ്റ് — വെളി:19:10)

യോഹന്നാന് ലഭിച്ച നിർദ്ദേശം — ഈ പുസ്തകത്തിലെ **പ്രവചനം മുദ്രയിടരുത്** (വെളി (22:10)

**കാരണങ്ങൾ**

(a) സമയം അടുത്തിരിക്കുന്നു

.(b) ഇത് പഠിപ്പിച്ചാൽ , വ്യാഖ്യാനിച്ചാൽ ഗ്രഹിക്കുവാൻ പ്രയാസമില്ലാത്തതിനാൽ

[ദാനിയേൽ പ്രവചനം മുദ്രയിട്ടതാണ്- ദാനി:(12:9)]

സമയം തന്നിട്ടും അനീതി തുടരുന്നവരോടും അഴുക്കു സ്വഭാവക്കാരോടും, നീതിമാന്മാരോടും വിശുദ്ധൻമാരോടും പറയുന്നതെന്ത്?

Read വെളി:(22:11,12)

പുത്തനാം യെരുശലേമിൽ അവകാശം ലഭിക്കാത്തവർ - വെളി:(22:15)

(അലറുന്ന സിംഹം പിശാച്- (1 പത്രോ: 5:8)

അതുപോലെ നായ് - പുതിയ നിയമത്തിൽ , അസ്ഥിരൻ, അശുദ്ധിയിൽ സന്തോഷിക്കുന്ന വൻ എന്നർത്ഥമുണ്ട്)

Read ആവ:(23:18), യെശ (56:10-11)

ഇവർ നരകത്തിലായിരിക്കും)

സഭകൾക്ക് നൽകുന്ന സാക്ഷ്യം - വെളി: (22:16)

ജഡം ധരിച്ച കർത്താവിന്റെ താഴ്ചയുള്ള നാമം ശുഭ്രമായ ഉദയനക്ഷത്രം, കൂടെയാണ്.

ഉദയനക്ഷത്രം രാത്രിയുടെ അന്ത്യയാമത്തിൽ ഉദിക്കുന്ന പ്രഭാതനക്ഷത്രമാണ്. ഇത് സൂര്യോദയത്തെ വിളിച്ചറിയിക്കുന്നു.ഈ പ്രഭാതനക്ഷത്രത്തിന്റെ ശോഭ അതിനേക്കാൾ പ്രകാശമുള്ള നീതിയിൽ സൂര്യൻ വരുമ്പോൾ മങ്ങിപ്പോകുന്നു.

'വരിക' എന്നാഹ്വാനം ചെയ്യുന്നവൻ- വെളി (22:17)

സഭയെ ഒരുക്കുന്ന പരിശുദ്ധാത്മാവും , മണവാട്ടിയും പറയുന്നു ജീവന്റെ സുവിശേഷം കേട്ടനുസരിക്കുന്നവർ മറ്റുള്ളവരെ ഈ സന്തോഷത്തിലേക്ക് വിളിക്കണം.

ദൈവത്തിന്റെ ഉറപ്പുള്ള പ്രഖ്യാപനം - വെളി:(22:18,19)

Read ആവ:(4:2),(13 :1)

ദൈവവചനത്തോട് ഉതെയ്ക്കുന്നത് , തീയോട് കളിയ്ക്കുന്നതിന് തുല്യമാണ്. അത് നമ്മെ നിത്യാഗ്നിയിലെത്തിക്കും.

അന്തിമ വാഗ്ദത്തം - വെളി: (22:20)

സഭയ്ക്കുവേണ്ടി യോഹന്നാൻ നൽകുന്ന മറുപടി

**ആമേൻ, കർത്താവായ യേശുവേ വേഗം വരേണമേ**

പഴയനിയമം ഒരു ശാപത്തോടെ അവസാനിക്കുന്നു- മലാഖി (4:6)

പുതിയ നിയമം കൃപയിലവസാനിക്കുന്നു - വെളി (22:21)

അവൻ വരുവോളം ആ കൃപയിൽ നിലനിൽക്കുവാൻ തീരുമാനിക്കുക. കർത്താവിന്റെ വേഗത്തിലുള്ള വരവിനായി കാത്തിരിപ്പാൻ കർത്താവ് നമ്മെ സഹായിക്കട്ടെ

# Praise God

..........................................................

...............................................

..............................